**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4840** **02-07-2024 - ൽ മറുപടിയ്ക്ക്**

**പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ പട്ടികജാതി വികസന വകുപ്പ് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ നിലവിൽ തിരുവനന്തപുരം(മണ്ണന്തല), എറണാകുളം(ആലുവ,) പാലക്കാട്(കുഴൽമന്ദം), കോഴിക്കോട് എന്നീ ജില്ലകളിൽ പ്രി എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ, പ്രവർത്തിയ്ക്കുന്ന അംബേദ്ക്കർ ഭവനിൽ മെയിൻ സ്റ്റഡിയോ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്, സ്റ്റഡിയോ സജ്ജമായി കഴിഞ്ഞാൽ എല്ലാ നിയോജകമണ്ഡലങ്ങളിലും നിലവിൽ ലഭ്യമായ കെട്ടിടങ്ങളിലും പി.ഇ.റ്റി.സി-കളിലും വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ